(ഡി) എസ്.എസ്.എൽ.സി. ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് നൽകുന്നതിന് ചില നടപടിക്രമങ്ങൾ ആവശ്യമായി പാലിക്കേണ്ടതുണ്ട്. തൽകാൽ കാറ്റഗറിയായി പുസ്തകം വിതരണം ചെയ്യാനുള്ള സംവിധാനം പ്രായോഗികമാണെന്ന് കരുതുന്നില്ല. എന്നാൽ നിലവിലുണ്ടായിരുന്ന നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതുപ്രകാരം ഇപ്പോൾ ലഭിക്കുന്ന അപേക്ഷകളിൻമേൽ പരമാവധി ഒന്നര മാസത്തിനകം തീരുമാനമെടുക്കേണ്ടതാണ് എന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട പാതകൾ

*5 [608] *ശ്രീ. കെ. അച്ചുതൻ:*
,, കെ. ബാബു:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീമതി രാധാരാഘവൻ:
ശ്രീ. ജോർജ് ജെ. മാത്യു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട മലനാട്ടിലെ പാതകൾ വികസിപ്പിക്കുന്നതിനും അവ റബ്ബറൈസ് ചെയ്യുന്നതിനും ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ നിശ്ചിത കാലയളവിലേക്ക് ഗതാഗതക്ഷമത ഉറപ്പു വരുത്തുന്ന വ്യവസ്ഥകൾ എഗ്രിമെന്റിൽ ഉൾക്കൊള്ളിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇപ്രകാരം ഗ്യാരന്റി വാങ്ങുന്നപക്ഷം ശബരിമല തീർത്ഥാടന സമയത്ത് മുൻകൂട്ടി അവയുടെ അറ്റകുറ്റപ്പണികൾ ചെയ്തു തീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

തുറമുഖം വകുപ്പുമന്ത്രി *(ശ്രീ. എം. കെ. മുനീർ):*

(എ) ഉണ്ട്.

(ബി) പുതുതായി പണിയുന്ന റോഡുകൾക്ക് ഗ്യാരന്റി പീരിയഡ് നിശ്ചയിച്ച് ഉത്തരവുണ്ട്. അതനുസരിച്ചുള്ള വ്യവസ്ഥകൾ എഗ്രിമെന്റിൽ ഉൾക്കൊള്ളിച്ചു വരുന്നുമുണ്ട്.

(സി) എല്ലാ വർഷവും ശബരിമല തീർത്ഥാടന കാലത്തിനു മുമ്പുതന്നെ പ്രധാന റീഡിംഗ് റോഡുകൾക്ക് മുന്തിയ പരിഗണന നൽകി കേടുപാടുകൾ തീർത്തു ഗതാഗതയോഗ്യമാക്കി വരുന്നുണ്ട്.

---

† അനുബന്ധം — I.

LIBRARY ARCHIVES Kerala Legislative Assembly